(ബി) & (സി) 31-3-2005 വരെ സംസ്ഥാനത്തുനിലവിലുണ്ടായിരുന്ന നാഷണൽ മെറ്റേണിറ്റി ബെനഫിറ്റ് സ്കീമിന്റെ പരിഷ്കരിച്ച രൂപമായ ജനനീ സുരക്ഷാ യോജന പദ്ധതിപ്രകാരം പഞ്ചായത്തുകളിൽ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള വരും 19 വയസ്സിനുമേൽ പ്രായമുള്ളവരുമായ സ്ത്രീകളുടെ ആദ്യത്തെ രണ്ട് പ്രസവങ്ങൾക്ക് (ജീവനുള്ള കുഞ്ഞിനെ പ്രസവിക്കുമ്പോൾ) 700 രൂപാ വീതം ധനസഹായം നൽകുന്നതാണ്. ആശുപത്രിയിലുള്ള പ്രസവം പ്രോത്സാഹിപ്പിക്കുക, പോഷകാഹാരക്കുറവ് പരിഹരിക്കുക, ആശുപത്രിയിലേക്കുള്ള യാത്രയുടെ ചെലവ് വഹിക്കുക എന്നിവയ്ക്കായിട്ടാണ് ഈ സാമ്പത്തിക സഹായം നൽകുന്നത്. കൂടാതെ സർക്കാർ ആശുപത്രികളിൽ വേണ്ടത്ര സ്പെഷ്യലിസ്റ്റുകളുടെ സേവനം ലഭ്യമല്ലെങ്കിൽ സിസേറിയൻ നടത്തുന്നതിനായി 1500 രൂപ വരെ സ്പെഷ്യലിസ്റ്റുകളുടെ സേവനം ലഭ്യമാക്കുന്നതിനായി ചെലവഴിക്കാവുന്നതാണ്. ജൂനിയർ പബ്ളിക് ഹെൽത്ത് നേഴ്സിന്റെ കൈയിൽ കുറഞ്ഞത് 1500 രൂപ കാഷ് അഡ്വാൻസ് ഉണ്ടായിരിക്കണം. ഗവൺമെന്റ് സ്പെഷ്യലിസ്റ്റ് (ഗൈനക്കോളജിസ്റ്റ്/അനസ്തറ്റിസ്റ്റ്) ഇല്ലാത്ത സമയത്ത് 1500 രൂപ വരെ മുടക്കി സ്വകാര്യ വിദഗ്ദ്ധരുടെ സേവനം ലഭ്യമാക്കാവുന്നതാണ്. ബ്ലോക്കിലെ ഗവൺമെന്റ് ആശുപത്രികളിൽ പ്രസവശുശ്രൂഷയ്ക്ക് സൗകര്യമില്ലാത്ത സാഹചര്യത്തിൽ അംഗീകരിക്കപ്പെട്ട രണ്ട് സ്വകാര്യ ആശുപത്രികളിൽ പ്രസവങ്ങൾക്ക് ഈ ആനുകൂല്യം ബാധകമാണ്.

പുറമ്പോക്ക് ഭൂമി പതിച്ചു കൊടുക്കൽ

*22 [22] *ശ്രീ. നാലകത്ത് സൂപ്പി:*

„ *യു. സി. രാമൻ:*

„ *കെ. എൻ. എ. ഖാദർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുറമ്പോക്ക് ഭൂമി പതിച്ച് കൊടുക്കുന്നതിന് തീരുമാനമായോ;

(ബി) എങ്കിൽ ഈ ഭൂമിക്ക് നിശ്ചയിച്ചിരിക്കുന്ന വില എത്രയാണ്;

(സി) നിശ്ചയിച്ചിരിക്കുന്ന വില കുറവാണെന്നുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) വിലകൂട്ടി നിശ്ചയിക്കുന്നതിനുള്ള നടപടിയെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

റവന്യൂവും നിയമവും വകുപ്പുമന്ത്രി *(ശ്രീ. കെ. എം. മാണി):*

(എ) പഞ്ചായത്ത് പ്രദേശങ്ങളിലെ പുറമ്പോക്ക് ഭൂമി 1964-ലെ കേരള ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരവും മുനിസിപ്പൽ/കോർപ്പറേഷൻ പ്രദേശങ്ങളിലെ പുറമ്പോക്ക് ഭൂമി 1995-ലെ മുനിസിപ്പൽ/കോർപ്പറേഷൻ ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരവും പതിച്ചു നൽകി വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 29-10-2004-ലെ ജി.ഒ. (എം.എസ്.) 326/2004/റവന്യൂ പ്രകാരം ആകെ അഞ്ചു സെന്റോ അതിൽ താഴെയോ മാത്രം ഭൂമി കൈവശമുള്ളവരും സർക്കാർ ഭൂമിയിൽ കുടിതാമസം നടത്തുന്നവരുമായ ആളുകൾക്ക് ടി കുടുംബത്തിന് വേറെ ഭൂമി ഇല്ല എങ്കിൽ വാണിജ്യാവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന ഭൂമി അല്ലാത്തപക്ഷം സെന്റിന് 100 രൂപ നിരക്കിൽ പതിച്ചു നൽകാവുന്നതാണ്. ദുർബല വിഭാഗത്തിൽപ്പെട്ടവരിൽ നിന്നാണ് ഈ നിരക്ക് ഈടാക്കുന്നത്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) 1964-ലെ കേരള ഭൂമി പതിവ് ചട്ടങ്ങളിൽ വീട് വയ്ക്കുന്നതിനായി ഏക്കറിന് 200 രൂപ നിരക്കിൽ പതിച്ചു നൽകാൻ വ്യവസ്ഥ ചെയ്തിരുന്ന സ്ഥലം 3-3-2005-ലെ ജി.ഒ. (പി.)63/2005/ആർ.ഡി. പ്രകാരം സെന്റിന് 200 രൂപ നിരക്കിൽ പതിച്ചു നൽകാൻ ഉത്തരവായിട്ടുണ്ട്.

സ്വകാര്യ ആശുപത്രി ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ

*23 [23] *ശ്രീ. എൻ. രാജൻ:*

,, *പി. എസ്. സുപാൽ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രൈവറ്റ് ഹെൽത്ത് കെയർ ഇൻസ്റ്റിട്ടൂഷൻസ് കൗൺസിൽ രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഈ കൗൺസിലിന്റെ ഉദ്ദേശലക്ഷ്യങ്ങൾ വെളിപ്പെടുത്തുമോ;

(സി) സ്വകാര്യ മേഖലയിലെ ചികിത്സാ നിരക്കുകൾ ഏകീകരിക്കുവാനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(ഡി) സ്വകാര്യ ആശുപത്രികളിൽ പണിയെടുക്കുന്നവർക്കായി എന്തെങ്കിലും വിധത്തിലുള്ള സേവന വേതന വ്യവസ്ഥകൾ നിലവിലുണ്ടോ; എങ്കിൽ വിശദവിവരം വ്യക്തമാക്കുമോ?

ആരോഗ്യ വകുപ്പുമന്ത്രി *(ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ):*

(എ) ഉദ്ദേശിക്കുന്നുണ്ട്.

(ബി) താഴെ സൂചിപ്പിക്കുന്ന വിഷയങ്ങളിൻമേൽ നിയന്ത്രണമേർപ്പെടുത്തുന്നതിലേക്കാണ് കൗൺസിൽ രൂപീകരിക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്.

1. സ്വകാര്യ ആശുപത്രികൾ, നേഴ്സിംഗ് ഹോമുകൾ, ഡൈഗ്നോസ്റ്റിക് ലാബുകൾ എന്നിവയ്ക്ക് അത്യാവശ്യം വേണ്ട സൗകര്യങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly